(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന അമ്പലവയൽ കാർഷിക ഗവേഷണകേന്ദ്രത്തിൽ താൽക്കാലികമായി പണിയെടുക്കുന്ന എത്ര തൊഴിലാളികളുണ്ട്; ഇവർ എത്ര വർഷമായി പണിയെടുക്കുന്നവരാണെന്നറിയിക്കുമോ;

(ബി) ഈ ഗവേഷണ കേന്ദ്രത്തിൽ താൽക്കാലികമായി പണിയെടുക്കുന്ന തോട്ടം തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) നാൽപത് (40). ഇവർ 1996-ൽ താൽക്കാലിക തൊഴിലാളികളായി തെരഞ്ഞെടുക്കപ്പെട്ട് നിയോഗിക്കപ്പെട്ടവരാണ്.

(ബി) റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. ഭാസ്കരൻ നമ്പ്യാർ കമ്മീഷന്റെ ശുപാർശ പ്രകാരം 1996-97 കാലഘട്ടങ്ങളിൽ നടത്തിയ തൊഴിലാളി തെരഞ്ഞെടുപ്പിൽ റാങ്ക് ലിസ്റ്റുകൾ റദ്ദാക്കിയെങ്കിലും ഇതിനെതിരെ വിവിധ ഫാമുകളിലെ തൊഴിലാളികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും സ്റ്റേ നേടുകയുമുണ്ടായി. ഈ പശ്ചാത്തലത്തിലാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട താൽക്കാലിക തൊഴിലാളികളെ നിയോഗിച്ചു വരുന്നത്. പ്രസ്തുത കേസുകളിൽ അവസാന തീർപ്പ് ഉണ്ടാകുന്നമുറയ്ക്ക് അമ്പലവയൽ കേന്ദ്രത്തിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

117 (1164) പഴവർഗ്ഗങ്ങളുടെ ഉൽപ്പാദനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ ആവശ്യം എത്രയാണ്;

(ബി) ഇതിൽ സംസ്ഥാനത്തുൽപ്പാദിപ്പിക്കാൻ കഴിയുന്നതെത്രയാണ്;

(സി) പഴവർഗ്ഗങ്ങളുടെ ഉൽപ്പാദനത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ കോർപ്പറേഷൻ വഹിക്കുന്ന പങ്കെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 10.64 ലക്ഷം ടൺ.

(ബി) 1997-98 ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 32.56 ലക്ഷം ടൺ പഴവർഗ്ഗങ്ങൾ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്നുണ്ട്.

(സി) പഴം പച്ചക്കറികളുടെ സംഭരണ വിതരണ രംഗത്താണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ കോർപ്പറേഷൻ പ്രവർത്തിക്കുന്നത്.

118 (1165) ഔഷധച്ചെടി കൃഷി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൃഷി വകുപ്പു മുഖേന ഔഷധച്ചെടികൾ നട്ടുവളർത്തുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ;

(സി) ആയുർവേദമരുന്നുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ ഔഷധച്ചെടികൾ ലഭ്യമാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് പരിഹരിക്കാൻ കൃഷി വകുപ്പ് മുൻകൈയെടുത്ത് കർഷകരെ ബോധവൽക്കരിക്കാൻ നടപടി സ്വീകരിക്കുകയും ഔഷധച്ചെടി നട്ടുവളർത്താൻ കൂടുതൽ പ്രോത്സാഹനം നല്കുകയും ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാനപ്പെട്ട ഔഷധ-സുഗന്ധ വിളകൾ സംരക്ഷിക്കുന്നതിനും അവയുടെ വ്യാപനത്തിനും മുൻതൂക്കം നല്കിക്കൊണ്ട് 100 ശതമാനം കേന്ദ്ര സഹായത്തോടെ ഒരു പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇതനുസരിച്ച് ഔഷധസസ്യങ്ങളുടെ നടീൽവസ്തുക്കളുടെ ഉല്പാദനത്തിനും പ്രദർശനതോട്ടങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനുമായി .05 ഹെക്ടർ വീതമുള്ള സ്ഥലത്തിന് 1500 രൂപ വീതം 600 കർഷകർക്ക് സഹായം ലഭ്യമാക്കുന്നുണ്ട്. ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനായി ഹെക്ടറിന് 12,500 രൂപയുടെ ധന സഹായം നൽകുന്നുണ്ട്.

(സി) കൃഷി വകുപ്പിലൂടെ നടപ്പാക്കുന്ന ഔഷധ സസ്യ സുഗന്ധവിള വികസന സംരക്ഷണപദ്ധതി വഴി ബോധവൽക്കരണം ഒരു പരിധിവരെ സാധിക്കുന്നതാണ്.

119 (1167) കോന്നി സോയിൽ കൺസർവേഷൻ റിസർച്ച് സെന്ററിൽ നടക്കുന്ന അഴിമതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കോന്നി സോയിൽ കൺസർവേഷൻ റിസർച്ച് സെന്ററിൽ നടക്കുന്ന അഴിമതി സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ എന്നറിയുമോ;

(ബി) പ്രസ്തുത സെന്ററിന്റെ കാർഷിക വിളകളുടെ വിൽപനയിലും നിർമ്മാണപ്രവർത്തനങ്ങളിലും വ്യാപകമായ ക്രമക്കേട് നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആരാണ് പരാതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പരാതിയുടെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത സെന്ററിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(എഫ്)സെന്ററിലെ കാർഷിക വിളകൾ ലേലം ചെയ്തു വിൽക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly